SEC/58/2025-2026 **November 14, 2025**

1.	**National Stock Exchange of India Ltd.** Exchange Plaza Plot No. C/1, G Block Bandra –Kurla Complex Bandra (E), Mumbai 400 051 **Symbol: KALYANKJIL**	2.	**BSE Limited** Corporate Relationship Dept. Phiroze Jeejeebhoy Towers, Dalal Street Mumbai 400001 Maharashtra, India **Scrip Code: 543278**

Dear Sir/Madam,

Sub: Submission of Newspaper Publication - Notice of the Postal Ballot

Pursuant to Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015 and in continuation of our letter no. SEC/57/2025-2026 dated November 13, 2025, please find enclosed herewith the copies of the Newspaper Advertisement published in “The Indian Express” (English) and “Deepika” (Malayalam) on Friday, November 14, 2025, regarding the Notice of Postal Ballot and information on Remote e-Voting for seeking approval of Members of the Company on the items of business as mentioned in the Notice of Postal Ballot.

This intimation is also made available on the website of the Company http://www.kalyanjewellers.net/

Thanking You,

For Kalyan Jewellers India Limited

RETNAVILASAM GOPINATHAN NAIR JISHNU

Digitally signed by RETNAVILASAM GOPINATHAN NAIR JISHNU
Date: 2025.11.14 12:33:47 +05'30'

Jishnu RG
Company Secretary & Compliance Officer

Kalyan Jewellers India Limited
Corporate Office -TC-32/204/2, Sitaram Mill Road, Punkunnam, Thrissur, Kerala – 680 002
CIN - L36911KL2009PLC024641
T -0487 2437333 Email – cs@kalyanjewellers.net
WWW.KALYANJEWELLERS.NET

DEEPAK JOSHI

AKASH PATIL

Winter is here!

People throng a market in Thane to buy sweaters and shawls after night temperatures dip; (right) sale of warm clothes at brisk pace at a roadside stall in Mumbai on Thursday.

Second death in Powai STP case: Why manual cleaning of tanks continue in city

Nayonika Bose
Mumbai, November 13

THE INCIDENT in Powai, where two persons were killed after entering a Sewage Treatment Plant (STP), has again brought to fore concerns over the inhumane practice of manual scavenging in the city. Mumbai Police said that the incident does not fall under the category of manual scavenging and filed an accidental death report.

Earlier on Wednesday, one of the two labourers, who were cleaning the tank of an STP plant at a residential building in Powai, was killed due to inhalation of toxic gases.

Later in the day, the contractor who entered tank to help trapped labourers succumbed to his injuries. The deceased have been identified as Phulchand Kumar Sahu (28) and Akshay Mandal (25).

The tragedy struck after two labourers from Ultra Tech Pvt Ltd -- Akshay Mandal and his maternal uncle, Sudam Mandal -- entered the collection tank of the STP plant Wednesday morning. During the course of cleaning, the duo experienced fainting. To aid them, their contractor - Phulchand Kumar Sahu - entered the tank and rescued Sudam safely but found himself experiencing similar fainting when he re-entered the tank to rescue Akshay.

With the two trapped inside the tank, the building's watchmen called in Mumbai Fire Brigade (MFB) whose personnel recovered them from the tank using ladders, ropes and breathing apparatus.

Police have filed an accidental death report in the incident that happened at a residential building in Powai on Wednesday. FILE

The two men, officials said, were unconscious when they were recovered and taken to the nearby Hiranandani hospital. While Akshay was declared dead upon arrival, Phulchand Kumar's condition remained critical. At 11.48 pm, Kumar died owing to multiple organ failure.

What caused the deaths

According to the preliminary information from the Brihanmumbai Municipal Corporation (BMC), the two suffered suffocation owing to inhalation of gases.

Vishnu Awhad, senior station officer at the Vikhroli fire station who attended the call, said, "Before entering the tank, they had emptied the tank of water and entered it to clean the sludge in the bottom. After entering down through the manhole, the two men did not receive enough oxygen. It is likely that owing to the sewage, there were toxic fumes from the gases that also replaced oxygen," said Awhad.

Meanwhile, Mumbai Police, who filed an accidental death report in the matter, said that they are conducting an enquiry to determine the lapses in precautionary measures. "We are investigating the circumstances that led to the demise and whether the company had followed precautionary measures like provision of safety gears and other protocols," said a senior official from Mumbai Police.

Manual scavenging

A practice outlawed under the Prohibition of Employment as Manual Scavengers and their Rehabilitation Act, 2013 (PEMSR), manual scavenging is the practice of removing human excreta by hand from sewers or septic tanks. In 2013, the definition of manual scavengers was also broadened to include people employed to clean ditches, or railway tracks.

Citing annual surveys conducted by the BMC, officials maintain that the city records "NIL" cases of manual scavenging. However, civic records offer a study in contrast. Last year, between March and April, at least six deaths were reported in two separate incidents of manual scavenging -- one in Ambujwadi and another in Malad.

Maintaining that the civic body carries out cleaning through deployment of machinery, BMC officials say that such deaths are often reported when private parties like residential buildings or organisations rope in contractors to carry out cleaning.

The practice continues

According to senior officials, septic tanks are cleaned using desludging machines and cesspool vehicles. For the cleaning of Mumbai's 2000-km long sewer network, the civic body also has at least 26 choke machines, 24 compact pipe sewer cleaning machines, 24 high-capacity suction, jetting machines, advanced air wack machines and sludge dewatering machines.

However, several workers as well as unions of conservancy workers have flagged that the number is insufficient to cater to the demands of a city like Mumbai. Meanwhile, as per a civic SOP, anyone seeking to carry out cleaning of a septic tank in a private premise is required to pay an hourly charge of Rs 1,885 to procure the BMC's cesspool vehicles designated for the purpose. For many, particularly in the slums which have the highest number of septic tanks owing to lack of planned sewer network, paying such high rates for procurement of machinery becomes impossible.

To cut costs, slum dwellers as well as residential societies then rope in cleaners or contractors for a fraction of rates, who deploy people to enter tanks manually instead of using modern machinery. Lack of awareness among citizens about the civic facilities adds to the problem.

To eliminate manual cleaning work, unions have demanded that the process of procuring the BMC's machinery ought to be simplified and made available for free.

Coast Guard rescues 5 from sinking tug boat

Palghar: The Indian Coast Guard (ICG) saved five crew members after their tug boat sank off the Vadhavan coast in Palghar district while one person was still missing, officials said on Thursday. **PTI**

Man cheats firm of Rs 36 lakh on pretext of selling shares, arrested

Mumbai: A 39-year-old businessman was arrested from Bengaluru for allegedly cheating a private company of Rs 36 lakh under the pretext of selling unlisted shares of the National Stock Exchange (NSE), a police official said here on Thursday.

The Borivali police official identified the arrested accused as Rajat Amar Chandra Jain.

"Jain had taken Rs 95 lakh from a private company for the purchase of unlisted NSE shares. Though he returned Rs 59 lakh, he allegedly misappropriated the remaining Rs 36 lakh. The complainant is a Borivali-based stock market consultant who manages share transactions for the said company," he said.

"In May 2025, the company had planned to purchase unlisted NSE shares. During this process, an acquaintance introduced the consultant to Jain, who claimed to possess 10 such shares and offered them at Rs 1,900 per share. Finding the price reasonable, the company agreed to buy 5,000 unlisted shares, amounting to Ra 95 lakh, which was transferred to Jain's account," the official added.

Jain later denied receiving the funds and refused to transfer the shares, following which the consultant approached police.

Jain was arrested for cheating, criminal breach of trust and other offences, the official said. **PTI**

ജീവനെടുക്കുന്ന ഉയരപ്പാത നിർമാണം

■ ഉയരപ്പാത നിർമാണത്തിനിടെ ഇന്നലെ വരെ മരിച്ചത് 62 പേർ

അരൂർ ചമ്മനാട് ഇന്നലെ ഉയരപ്പാത നിർമാണത്തിനിടെ ഗർഡർ നിലംപതിച്ചപ്പോൾ.

ആലപ്പുഴ: അരൂർ-തുറവൂർ ഉയരപ്പാതയുടെ നിർമാണം അവസാന ഘട്ടത്തിലേക്കു കടക്കുന്നു. എന്നാൽ, തലയ്ക്കുമീതെ ഭീമൻ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനടിയിലൂടെ ജീവൻ പണയംവച്ചാണ് യാത്രക്കാരുടെ സഞ്ചാരം. ഇന്നലെ വരെ 62 പേരെങ്കിലും അപകടങ്ങളിൽ മരിച്ചെന്നാണു പ്രദേശവാസികളുടെ ജാഗ്രതാ സമിതി റിപ്പോർട്ടിൽ പറയുന്നത്. അടുത്തത് ഞാനോ എന്ന നിശ്ചയമില്ലായ്മയിൽ യാത്രചെയ്യേണ്ട അവസ്ഥയാണെന്ന് അവർ പറയുന്നു. നിർമാണസ്ഥലത്തെ സുരക്ഷാ വീഴ്ചകളും അശാസ്ത്രീയ ഗതാഗത നിയന്ത്രണങ്ങളുമാണ് ഇത്രയധികം മരണങ്ങളുണ്ടാകാൻ കാരണം. പരിക്കേറ്റവരുടെയും വൈകല്യം സംഭവിച്ചവരുടെയും എണ്ണവും ഏറെയാണ്.

ദേശീയപാതയിൽ ഉയരപ്പാത നിർമാണം നടക്കുന്ന അരൂർ മുതൽ തുറവൂർ വരെയുള്ള 12.75 കിലോമീറ്ററിലെ അവസ്ഥയാണ് ഇത്. മുമ്പു നാലുവരിപ്പാതയായിരുന്നിട്ടും വളരെ തിരക്കുണ്ടായിരുന്ന റോഡിൽ ഉയരപ്പാത നിർമാണം കാരണം വീതി കുറഞ്ഞതാണു ഭൂരിഭാഗം അപകടങ്ങളുടെയും മൂലകാരണം. ഉയരപ്പാതയ്ക്കായി പൈലിംഗ് നടത്തുമ്പോൾ ചെളിയും വെള്ളവും റോഡിലേക്ക് ഒഴുകി ഇരുചക്രവാഹന യാത്രികരും കാൽനടയാത്രികരും തെന്നി വീണും അപകടങ്ങളുണ്ടാകുന്നുണ്ട്. ഇരുചക്രവാഹനങ്ങൾ കുഴികളിൽ വീണു മറിഞ്ഞു വലിയ വാഹനങ്ങൾക്കടിയിൽപ്പെട്ടാണ് ഏറെ അപകടമരണങ്ങളും. രാത്രിയിൽ വേണ്ടത്ര വെളിച്ചമില്ലാത്തതിനാൽ കാൽനട യാത്രികരെ വാഹനങ്ങൾ ഇടിച്ചു തെറിപ്പിച്ച സംഭവങ്ങളും ധാരാളം.

എരമല്ലൂരിൽ ഉയരപ്പാതയുടെ ഗർഡർ പിക്കപ്പ് വാനിനു മുകളിലേക്ക് തകർന്നുവീണാണ് ഡ്രൈവർ രാജേഷ് (48) മരിച്ചത്. മുമ്പ് ജനുവരി 15നാണ്, ചേർത്തല തുറവൂരിൽ വാഹനാപകടത്തിൽ യുവാവ് മരിച്ചത്. ബൈക്ക് ടാങ്കർ ലോറിക്കടിയിൽപ്പെട്ടാണ് ബൈക്ക് യാത്രികനായ കടക്കരപ്പള്ളി ഒറ്റപ്പുന്ന സ്വദേശി ഷിതിൻ തങ്കച്ചൻ മരിച്ചത്. ഉയരപ്പാത നിർമാണ മേഖലയിൽ മൂന്നു ദിവസത്തിനുള്ളിൽ നടന്ന രണ്ടു മരണങ്ങളിൽ രണ്ടാമത്തേതായിരുന്നു അത്. ചന്തിരൂരിൽ രാത്രിയുണ്ടായ അപകടത്തിൽ കുട്ടനാട് തലവടി സ്വദേശിയായ യുവാവും മരിച്ചിരുന്നു.

തുടർന്ന് ഫെബ്രുവരി 19നായിരുന്നു തുറവൂർ ഉയരപ്പാത നിർമാണ മേഖലയിൽ വീണ്ടും അപകട മരണമുണ്ടായത്. മണ്ണുമാന്തി യന്ത്രത്തിനടിയിൽപ്പെട്ട് ബൈക്ക് യാത്രികനായ തുറവൂർ സ്വദേശി പ്രവീൺ ആർ. പൈ ആണ് മരിച്ചത്. 2024 മാർച്ച് 13ന് അരൂർ പോലീസ് സ്റ്റേഷനു മുന്നിലെ ബാരിക്കേഡിലേക്ക് ലോറി ഇടിച്ചു കയറിയാണ് 44കാരനായ പട്ടാമ്പി ചെറുത്തുടി ഇസ്മയിൽ മരിച്ചത്. മേയ് 19ന് ഭർത്താവിനൊപ്പം സ്കൂട്ടറിൽ പോകവെ ടോറസ് ലോറിക്കടിയിൽപ്പെട്ട് നവവധുവായിരുന്ന അരൂർ തച്ചാറ വീട്ടിൽ ജോമോന്റെ ഭാര്യ എസ്തർ (27) ആണ് മരിച്ചത്. ഒക്ടോബർ 24ന് ഉയരപ്പാതയിലെ ഗതാഗതക്കുരുക്ക് വൃക്കരോഗിയായ യുവാവിന്റെ ജീവനെടുത്തു. ഡയാലിസിസ് ചെയ്യാനായി ആശുപത്രിയിലേക്കു കാറിൽ പോയ ആലപ്പുഴ എഴുപുന്ന സ്വദേശി പി.പി. ദിലീപാണ് മരിച്ചത്. ഓഗസ്റ്റ് 30നാണ് എഴുപുന്ന അർച്ചനാ ഭവനിൽ മല്ലിക അജയൻ (59) വൈറ്റില ഭാഗത്തേക്കു സഞ്ചരിക്കുകയായിരുന്ന സ്വകാര്യ ബസിനടിയിൽപ്പെട്ടു തൽക്ഷണം മരിച്ചത്. ബസിന്റെ രണ്ട് ടയറുകളും ദേഹത്ത് കയറിയിറങ്ങി.

ഉയരപ്പാതയുടെ തൂണുകൾ നിർമിക്കുന്നതിന് തുറവൂർ മുതൽ അരൂർ വരെയുള്ള പാതയിലെ മീഡിയനിലെ മണ്ണ് നീക്കി ജോലികൾ ആരംഭിച്ചത് 2023 മേയിൽ. 12.75 കിലോമീറ്ററിൽ 354 തൂണുകളിലായാണ് ഉയരപ്പാത. പാതയുടെ ഡിസൈൻ അടക്കമുള്ള കാര്യങ്ങൾ പൂർത്തിയാക്കി ആദ്യഘട്ട സ്ഥലമേറ്റെടുപ്പിനുള്ള വിജ്ഞാപനം ഇറക്കിയപ്പോൾ മനുഷ്യജീവനുകളുടെ സംരക്ഷണത്തിന് എന്തു തയാറെടുപ്പു നടത്തിയെന്ന ചോദ്യം അവശേഷിക്കുന്നു.

ഹൈക്കോടതി ഇടപെട്ടിട്ടും

അരൂരിനും തുറവൂരിനും ഇടയിൽ എലിവേറ്റഡ് ഹൈവേ നിർമിക്കുന്ന സ്ഥലത്തെ റോഡപകടങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഹൈക്കോടതി ചോദിച്ചിരുന്നു. സുരക്ഷാ ചട്ടങ്ങളിലെ വീഴ്ചകൾക്കും ക്രമക്കേടുകൾക്കും കരാറുകാരനെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് എഴുപുന്നയിലെ സി.ടി. ലിജിൻ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയിലായിരുന്നു നടപടി. എന്നിട്ടെന്തുണ്ടായി? റോഡിലെ അപകടനിരക്ക് ക്രമാതീതമായി ഉയരുന്നതല്ലാതെ ഫലമില്ല. പോലീസും സംവിധാനങ്ങളും ഉണർന്നു പ്രവർത്തിക്കുന്നുവെന്നാണ് അവകാശവാദം. പക്ഷേ റോഡിൽ ജീവൻ പൊലിഞ്ഞുകൊണ്ടേയിരിക്കുന്നു. തുടർച്ചയായ അപകടങ്ങളെത്തുടർന്ന് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനെതിരേ വലിയ പ്രതിഷേധങ്ങൾ ഉയർന്നിട്ടുണ്ട്. അധികൃതർ അന്വേഷണത്തിന് ഉത്തരവിടുകയും കണ്ണിൽ പൊടിയിടുന്നതുപോലെ ചില മുൻകരുതൽ കാണിക്കുകയും ചെയ്യും. പക്ഷേ, നിർമാണ മേഖലയിൽ ചോര ഒഴുകുന്നതിനു മാത്രം കണക്കില്ല.

ഗതാഗത നിയന്ത്രണം ഉണ്ടായിരുന്നു: നിർമാണ കമ്പനി

കൊച്ചി: അപകട കാരണം ഹൈഡ്രോളിക് ജാക്കിയുടെ തകരാറാണെന്ന് അശോക ബിൽഡ്കോൺ കോ-ഓർഡിനേറ്റർ വേണുഗോപാൽ.

ഗർഡർ ഉയർത്തിയ സമയത്ത് ഗതാഗത നിയന്ത്രണമുണ്ടായിരുന്നു. ഗർഡർ ഏകദേശം ഉറപ്പിച്ചു എന്ന് ഉറപ്പായ ശേഷം മാത്രമാണ് വാഹനങ്ങൾ കടത്തിവിടുന്നത്. എന്നാൽ, വാഹനങ്ങൾ നിയന്ത്രിച്ചിരുന്ന സമയത്ത് ഒരു വാഹനം കടന്നുപോയി. ഈ വാഹനമാണ് അപകടത്തിൽപ്പെട്ടതെന്നും കമ്പനി അധികൃതർ പറഞ്ഞു.

കുടുംബത്തിന്റെ ഏക ആശ്രയമാണ് രാജേഷെന്ന് പിതാവ്

ആലപ്പുഴ: അപകടത്തിൽ മരിച്ച ഹരിപ്പാട് പള്ളിപ്പാട് സ്വദേശി രാജേഷായിരുന്നു കുടുംബത്തിന്റെ ഏക വരുമാനമെന്ന് പിതാവ് പ്രതികരിച്ചു. കഴിഞ്ഞദിവസം അവസാനമായി അങ്കമാലിയിൽ എത്തിയപ്പോഴാണു വിളിച്ചതെന്നും പിന്നീട് ഫോണിൽ കിട്ടിയിരുന്നില്ലെന്നും പിതാവ് പറഞ്ഞു. മരണവാർത്തയറിഞ്ഞത് മാധ്യമങ്ങളിലൂടെയാണ്. മകളുടെ അസുഖവുമായി പലപ്പോഴും ആശുപത്രിയിലായിരുന്നെന്നും പിതാവ് കൂട്ടിച്ചേർത്തു.

> അപകടത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കും. അപകടം യാദൃച്ഛികമായി സംഭവിച്ചതാണ്. ഒരു ജീവനും നഷ്ടപ്പെടാൻ പാടില്ലാത്തതാണ്. ഇത്രയും പണികൾ പൂർത്തിയാക്കിയത് നിയന്ത്രണങ്ങളോടെയാണ്. വാഹനങ്ങൾ പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് പണി നടക്കുന്നത്. സുരക്ഷ പാലിക്കണം എന്നു പറഞ്ഞിരുന്നു. വാഹനം കടത്തിവിടാതിരിക്കാനോ പണി നിർത്താനോ സാധിക്കില്ല. ഗർഡർ കയറ്റുന്ന സമയത്ത് വാഹനം കടത്തിവിടാറില്ല. അപകടസമയത്ത് പോലീസ് ഉണ്ടായിരുന്നോ എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയില്ല. അപകടവിവരമറിഞ്ഞ ഉടൻ വിളിച്ചപ്പോൾ പോലീസ് സ്ഥലത്തുണ്ടായിരുന്നു. ജാക്കി ഒടിഞ്ഞുപോയതാണ് അപകടത്തിനു കാരണമായതെന്നാണ് തൊഴിലാളികൾ പറഞ്ഞത്. വാഹനം കടത്തിവിട്ടില്ല എന്നും തൊഴിലാളികൾ പറഞ്ഞു.
>
> - ദലീമ ജോജോ (അരൂർ എംഎൽഎ)

അരൂർ ചമ്മനാട് ഇന്നലെ ഉയരപ്പാത നിർമാണത്തിനിടെ ഗർഡർ പതിച്ച് തകർന്ന പിക്കപ്പ് വാൻ.

പ്രതിഷേധത്തിനൊടുവിൽ 25 ലക്ഷം രൂപ നഷ്ടപരിഹാരം

കൊച്ചി: മരിച്ച രാജേഷിന്റെ കുടുംബത്തിനു നിർമാണ കമ്പനി 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകും. രാജേഷിന്റെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും കടുത്ത പ്രതിഷേധത്തെ തുടർന്നാണിത്. ഇൻക്വസ്റ്റ് നടപടികൾക്കുശേഷം ഇന്നലെ ഉച്ചയോടെ എറണാകുളം ജനറൽ ആശുപത്രിയിൽ രാജേഷിന്റെ പോസ്റ്റ്മോർട്ടം പൂർത്തിയായെങ്കിലും മൃതദേഹം ഏറ്റെടുക്കാൻ ബന്ധുക്കളും സുഹൃത്തുക്കളും തയാറായില്ല.

കുടുംബത്തിന്റെ ഏക വരുമാനമാർഗമായിരുന്ന രാജേഷിന്റെ മരണത്തിൽ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരത്തുകയും രാജേഷിന്റെ മകന് സർക്കാർ ജോലിയും ലഭിക്കണമെന്നതായിരുന്നു പ്രധാന ആവശ്യം. ഒടുവിൽ ആലപ്പുഴ ജില്ലാ കളക്ടർ വിഷയത്തിൽ ഇടപെട്ടതോടെ ചേർത്തല തഹസിൽദാരും നിർമാണ കമ്പനി പ്രതിനിധികളും ആശുപത്രിയിലെത്തി ബന്ധുക്കളും സുഹൃത്തുക്കളുമായി ചർച്ച നടത്തി.

കുടുംബത്തിന് 15 ലക്ഷം രൂപ നൽകാമെന്ന് കമ്പനി പ്രതിനിധികൾ അറിയിച്ചെങ്കിലും വീട്ടുകാർ വഴങ്ങാതെ വന്നതോടെ നഷ്ടപരിഹാരത്തുക 25 ലക്ഷം ആയി ഉയർത്തി. ഇത് അംഗീകരിച്ചതോടെയാണ് മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങിയത്. സംസ്കാര ചടങ്ങുകൾക്കായി 40,000 രൂപ കമ്പനി പ്രതിനിധികൾ ഇന്നലെ ബന്ധുക്കൾക്കു കൈമാറി. 25 ലക്ഷത്തിന്റെ ചെക്ക് ഇന്നു കുടുംബത്തിന് കാർത്തികപ്പള്ളി തഹസിൽദാർ കൈമാറും.

ഇതിനുപുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കുടുംബത്തിന് നാലു ലക്ഷം രൂപ ലഭ്യമാക്കുമെന്നും രാജേഷിന്റെ മകന് സർക്കാർ ജോലി ലഭിക്കാൻ കളക്ടർ ശിപാർശ ചെയ്യുമെന്നും ചേർത്തല തഹസിൽദാർ ബന്ധുക്കൾക്ക് ഉറപ്പു നൽകി.

അതിനിടെ അപകടത്തിൽ നിർമാണ കമ്പനിക്കെതിരേ പോലീസ് കേസെടുത്തു. അശോക ബിൽഡ്കോൺ കമ്പനിക്കെതിരേയാണ് അരൂർ പോലീസ് കേസെടുത്തത്.

പതിച്ചത് 80 ടൺ ഭാരമുള്ള ഗർഡർ

കൊച്ചി: 80 ടൺ ഭാരമുള്ള ഗർഡർ ആണ് രാജേഷ് സഞ്ചരിച്ചിരുന്ന വാഹനത്തിനു മുകളിലേക്കു പതിച്ചത്. പ്രദേശത്ത് 32 മീറ്റർ നീളവും 80 ടൺ ഭാരവുമുള്ള കോൺക്രീറ്റ് ഗർഡറുകൾ സ്ഥാപിക്കുന്ന ജോലികൾക്കിടെയായിരുന്നു അപകടം. ഡ്രൈവർ സീറ്റിനു മുകളിലേക്കാണ് ഇവ പതിച്ചത്. തൂണുകൾക്ക് മുകളിലെ ഹൈഡ്രോളിക് ജാക്കികൾക്കു മുകളിൽ ഗർഡറുകൾ കയറ്റി ഇവിടെനിന്നു ബിയറിംഗിനു മുകളിലേക്ക് ഉയർത്തിമാറ്റുന്നതിനിടെ രണ്ടു തൂണുകളിൽ ഒരു ഭാഗത്തുണ്ടായിരുന്ന ഹൈഡ്രോളിക് ജാക്കി തകരാറിലായതോടെ കോൺക്രീറ്റ് ഗർഡറുകൾ ചെരിഞ്ഞു താഴേക്കു പതിക്കുകയുമായിരുന്നു. വീഴ്ച സമയത്ത് സമീപത്തുണ്ടായിരുന്ന ഗർഡറുകളിൽ തട്ടിയതാണു സമീപത്തുണ്ടായിരുന്ന ഗർഡറും വീഴാൻ കാരണം.

പകരക്കാരനായെത്തിയത് അന്ത്യയാത്രയ്ക്ക്

കൊച്ചി: കുടുംബം പോറ്റാനുള്ള നെട്ടോട്ടത്തിനിടെ പകരക്കാരനായി വാഹനം ഓടിക്കാനെത്തിയ രാജേഷിന്റെ യാത്ര അന്ത്യയാത്രയായി. രണ്ടു വർഷത്തിനുശേഷമാണ് രാജേഷ്, ബിജു വർഗീസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള പിക്കപ്പ് വാൻ ഓടിക്കാനായി കഴിഞ്ഞ 11ന് എത്തിയത്.

തമിഴ്നാട്ടിൽനിന്നു കോഴിമുട്ട ലോഡുമായി വരുന്നതിനിടെയായിരുന്നു അപകടം. 12ന് രാത്രിയോടെ എറണാകുളത്തെത്തിയതായി വിവരം ലഭിച്ചിരുന്നു. രാത്രി ഒമ്പതിന് എറണാകുളത്ത് ലോഡ് ഇറക്കിയപ്പോളാണ് അവസാനമായി രാജേഷ് വിളിച്ചത്. യാത്രയുടെ ക്ഷീണം കാരണം വിശ്രമിച്ച ശേഷമായിരിക്കാം പുലർച്ചെ യാത്ര പുറപ്പെട്ടതെന്ന് ബിജു വർഗീസ് പറഞ്ഞു.

അതീവ ശ്രദ്ധയോടെ മാത്രമേ രാജേഷ് വാഹനം ഒടിക്കുകയുള്ളൂ. രണ്ടു വർഷം മുമ്പ് വരെ തന്റെ വാഹനം ഓടിച്ചിരുന്ന രാജേഷ് ഇടയ്ക്ക് മറ്റ് ജോലികൾക്കും പോയിരുന്നു. പകരക്കാരനായാണ് കഴിഞ്ഞ ദിവസം വാഹനവുമായി പോയത്. രാജേഷിന്റെ അശ്രദ്ധമൂലം മുമ്പ് ഒരിക്കലും ചെറിയ അപകടം പോലും സംഭവിച്ചിട്ടില്ല. ദേശീയപാത അഥോറിറ്റിയുടെ ഗുരുതര വീഴ്ചയാണ് അപകടത്തിനു കാരണം.

കുടുംബത്തിനു നഷ്ടപരിഹാരം നൽകണമെന്നും ആശ്രിതർക്ക് ജോലി നൽകണമെന്നും ബിജു വർഗീസ് ആവശ്യപ്പെട്ടു.

യുഡിഎഫ് മേയർ സ്ഥാനാർഥിയായി വി.എം. വിനു

കോഴിക്കോട്: അരനൂറ്റാണ്ടിനിപ്പുറം കോഴിക്കോട് കോർപറേഷൻ ഭരണം പിടിക്കാനിറങ്ങുന്ന യുഡിഎഫിന് സർപ്രൈസ് മേയർ സ്ഥാനാർഥി. കല്ലായി ഡിവിഷനിൽ (37-ാം വാർഡ്) നിന്നാണു വി.എം. വിനു മത്സരിക്കുക. രണ്ടാംഘട്ട സ്ഥാനാർഥി പട്ടിക ഇന്നലെയാണ് കോൺഗ്രസ് പ്രഖ്യാപിച്ചത്. നിലവിൽ കോൺഗ്രസിന്റെ സിറ്റിംഗ് സീറ്റാണ് കല്ലായി.

പ്രമുഖ എഴുത്തുകാരനും നാടകപ്രവർത്തകനുമായ വിനയന്റെ മകനായ വിനു നേരത്തെതന്നെ നാടകപ്രവർത്തനത്തിൽ സജീവമായിരുന്നു. പിന്നീട് സിനിമയിലെത്തി. ബാലേട്ടൻ, വേഷം, ബസ് കണ്ടക്ടർ, പല്ലാവൂർ ദേവനാരായണൻ, മയിലാട്ടം, ആകാശത്തിലെ പറവകൾ തുടങ്ങിയ ഹിറ്റുകളടക്കം പതിനഞ്ചോളം സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്. കോഴിക്കോട്ടുകാരനായ വിനു കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമാണ്. കോഴിക്കോട് കോർപറേഷനിൽ 49 സീറ്റുകളിലാണ് കോൺഗ്രസ് മത്സരിക്കുക.

ഹരിതവിദ്യാലയം റിയാലിറ്റി ഷോ: 20 വരെ അപേക്ഷിക്കാം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളിലെ മികവുകൾ പങ്കുവയ്ക്കുന്ന 'ഹരിതവിദ്യാലയം' വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ നാലാം എഡിഷനിലേക്ക് 20 വരെ അപേക്ഷിക്കാം. പ്രൈമറി സ്കൂളുകൾക്കും ഹൈസ്കൂൾ-ഹയർ സെക്കൻഡറി വിഭാഗങ്ങൾക്കും ഇത്തവണ പ്രത്യേകമായി അപേക്ഷകൾ സമർപ്പിക്കാം. സ്കൂളുകൾ www.hv.kite.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

സ്കൂളുകളുടെ പഠന-പാഠ്യേതര പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യ പങ്കാളിത്തം, ഡിജിറ്റൽ വിദ്യാഭ്യാസം, ലഭിച്ച അംഗീകാരങ്ങൾ, അതുല്യമായ പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് പ്രാഥമിക റൗണ്ടിലേക്കു സ്കൂളുകളെ തെരഞ്ഞെടുക്കുക. സ്കൂളുകൾ നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാക്കുകയാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം.

2010, 2017, 2022 വർഷങ്ങളിലെ റിയാലിറ്റി ഷോയുടെ തുടർച്ചയാണ് ഈ നാലാമത് എഡിഷൻ. ഇത്തവണത്തെ ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ സംപ്രേഷണം ഡിസംബർ അവസാനത്തോടെ കൈറ്റ് വിക്ടേഴ്സിൽ ആരംഭിക്കും.

അഹമ്മദാബാദ് വിമാനദുരന്തം

പൈലറ്റിനുമേൽ കുറ്റം ചുമത്തിയിട്ടില്ലെന്ന് കേന്ദ്രം സുപ്രീംകോടതിയിൽ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: അഹമ്മദാബാദ് വിമാനദുരന്തം അന്വേഷിക്കുന്ന എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി) വിമാനത്തിന്റെ പൈലറ്റിനുമേൽ ഇതുവരെയും കുറ്റം ചുമത്തിയിട്ടില്ലെന്നു കേന്ദ്രം സുപ്രീംകോടതിയിൽ. അപകടത്തിൽ ആരെയും കുറ്റപ്പെടുത്തേണ്ടതില്ലെന്നു ചൂണ്ടിക്കാട്ടി വ്യോമയാനമന്ത്രാലയം പത്രക്കുറിപ്പു ഇറക്കിയിരുന്നു. എഎഐബിയുടെ ഇടക്കാല റിപ്പോർട്ട് വന്നശേഷം ചില തെറ്റിദ്ധാരണകൾ ഉണ്ടായതിനാലാണ് ഇത്തരമൊരു നടപടി സ്വീകരിച്ചതെന്നും കേന്ദ്രസർക്കാർ കോടതിയെ അറിയിച്ചു.

അഹമ്മദാബാദ് വിമാനാപകടത്തിൽ കോടതിയുടെ മേൽനോട്ടത്തിൽ സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയാണു ജസ്റ്റീസുമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ജി എന്നിവരുടെ ബെഞ്ച് പരിഗണിക്കുന്നത്. അപകടത്തെത്തുടർന്ന് ആരുടെയുംമേൽ ഇതുവരെയും കുറ്റം ചുമത്തപ്പെട്ടിട്ടില്ലെന്നും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുന്നതിന് അപകടകാരണം കണ്ടെത്തുകയാണ് എഎഐബി അന്വേഷണത്തിന്റെ ഉദ്ദേശ്യമെന്നും കേസിൽ വാദം കേൾക്കവേ ബെഞ്ച് ഊന്നിപ്പറഞ്ഞു. എഎഐബി നടത്തിയ അന്വേഷണരീതി ജീവിക്കാനുള്ള അവകാശത്തെയും സമത്വത്തെയും ലംഘിക്കുന്നുവെന്നു ചൂണ്ടിക്കാട്ടി വ്യോമയാനമേഖലയിലെ ഒരു എൻജിഒയാണു കോടതിയെ സമീപിച്ചത്. വിമാനത്തിന്റെ പൈലറ്റിനെ അപകടത്തിന്റെ പേരിൽ കുറ്റപ്പെടുത്താൻ സാധിക്കില്ലെന്ന് കഴിഞ്ഞ ദിവസം വാദംകേൾക്കുന്നതിനിടെ കോടതി പറഞ്ഞിരുന്നു.

നെറ്റ് വിജയികൾക്ക് അനുമോദനം

കൊച്ചി: 2024 ഡിസംബറിലെയും 2025 ജൂണിലെയും നെറ്റ് പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ വല്ലത്ത് എഡ്യുക്കേഷണൽ പ്രൈവറ്റ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. കൊച്ചിയിലെ ലൂർദ് കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ കരിയർ കോച്ചും സ്ഥാപകനുമായ സജി തോമസ് ഉദ്ഘാടനം ചെയ്തു.

14,599 കോടിയുടെ കള്ളപ്പണ ഇടപാട്; ജെപി ഇൻഫ്രാടെക് ലിമിറ്റഡ് എംഡി അറസ്റ്റിൽ

ന്യൂഡൽഹി: കള്ളപ്പണം വെളുപ്പിക്കൽ കേസിൽ റിയൽ എസ്റ്റേറ്റ് കമ്പനിയായ ജെപി ഇൻഫ്രാടെക് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ മനോജ് ഗൗഡ് അറസ്റ്റിൽ. ഫ്ലാറ്റ് വാഗ്ദാനം ചെയ്തു കൈപ്പറ്റിയ 14,599 കോടി രൂപ വിവിധ ട്രസ്റ്റുകളിലേക്കു വകമാറ്റി ഫ്ലാറ്റ് നിർമാണം പൂർത്തിയാക്കാതെ നിക്ഷേപകരെ വഞ്ചിച്ചെന്നാണ് കേസ്. കള്ളപ്പണ നിരോധന നിയമപ്രകാരമാണ് മനോജ് ഗൗഡിനെ അറസ്റ്റ് ചെയ്തതെന്ന് ഇഡി അറിയിച്ചു.

കഴിഞ്ഞ മേയ് 23ന് ഗൗഡിന്റെ റിയൽ എസ്റ്റേറ്റ് കമ്പനികളുമായി ബന്ധപ്പെട്ട 15 സ്ഥലങ്ങളിൽ ഇഡി റെയ്ഡ് നടത്തിയിരുന്നു. സാമ്പത്തിക രേഖകൾ, ഡിജിറ്റൽ വിവരങ്ങൾ, പ്രൊമോട്ടർമാരുടെയും കുടുംബാംഗങ്ങളുടെയും പേരിൽ രജിസ്റ്റർ ചെയ്ത വസ്തു രേഖകൾ എന്നിവ പിടിച്ചെടുത്തിരുന്നു.

അജിനോറ ഓഫീസുകളിൽ റെയ്ഡ്; നികുതി വെട്ടിപ്പ് കണ്ടെത്തി

കൊച്ചി: വിദേശ പഠനം, തൊഴിൽ റിക്രൂട്ട്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന അജിനോറയുടെ ഓഫീസുകളിൽ ആദായനികുതി വകുപ്പിന്റെ റെയ്ഡ്. 12 ഓഫീസുകളിൽ നടത്തിയ റെയ്ഡിൽ വൻ നികുതിവെട്ടിപ്പ് കണ്ടെത്തി. ആദായനികുതി റിട്ടേൺ സമർപ്പിക്കാതെയാണു സ്ഥാപനം പ്രവർത്തിച്ചിരുന്നത്.

കൊച്ചി ഇടപ്പള്ളിയിലെ ആസ്ഥാനത്തും രാജ്യത്തെ ശാഖകളിലുമാണ് റെയ്ഡ് നടത്തിയത്. ബുധനാഴ്ച ആരംഭിച്ച റെയ്ഡ് ഇന്നലെ വൈകുന്നേരം വരെ നീണ്ടു. കഴിഞ്ഞ ആറു വർഷത്തെ ഇടപാടുകളാണു പരിശോധിച്ചത്.

കപ്പൽ ദുരന്തം

പുതിയ അന്വേഷണ റിപ്പോർട്ടുമായി ഗ്രീൻപീസ്

തിരുവനന്തപുരം: കേരള തീരത്ത് അടുത്തിടെയുണ്ടായ എംഎസ്‌സി എൽസ മൂന്ന് കപ്പൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുതിയ അന്വേഷണ റിപ്പോർട്ടുമായി പരിസ്ഥിതി സംഘടനയായ ഗ്രീൻപീസ്. കപ്പൽ കമ്പനി നിയമ വ്യവസ്ഥയിലെ പഴുതുകളുടെ ദുരുപയോഗമാണ് നടത്തിയതെന്നു വ്യക്തമാകുന്നതായി ഗ്രീൻപീസ് ഇന്ത്യ ക്ലൈമറ്റ് കാമ്പയ്നർ എസ്.എൻ. അമൃത പത്രസമ്മേളനത്തിൽ പറഞ്ഞു. ദുരിതബാധിതർക്ക് നഷ്ടപരിഹാര തുകയായി 1,227 കോടി രൂപ നൽകാനുള്ള കേരള ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കുന്നതിൽ കപ്പൽ കമ്പനി നടപടികൾ സ്വീകരിക്കുന്നില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. കമ്പനി നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് 8000ലധികം പരാതികൾ കഴിഞ്ഞ ദിവസം ഗ്രീൻപീസിന്റെ നേതൃത്വത്തിൽ എംഎസ്‌സി ആസ്ഥാനത്ത് എത്തിച്ചുവെന്നും ഇവർ പറഞ്ഞു. എംഎസ്‌സി എൽസ കപ്പൽ കേരള തീരത്ത് മുങ്ങിയതിനെത്തുടർന്ന് എണ്ണ, രാസവസ്തുക്കൾ, പ്ലാസ്റ്റിക് പെല്ലറ്റുകൾ എന്നിവ കടൽ മലിനമാക്കുകയും സമുദ്ര ആവാസവ്യവസ്ഥയെയും തീരദേശ ഉപജീവനമാർഗത്തെയും നശിപ്പിക്കുകയും ചെയ്തതായി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.